# കിളയ്ക്കാം, വിതയ്ക്കാം, നനയ്ക്കാം; ഇതാ മൾട്ടിപർപ്പസ് മെഷീൻ



ബാസിം അക്തർ, കെ.എസ്. സാദ് എന്നിവർ മൾട്ടിപ്പർപ്പസ് അഗ്രിക്കൾച്ചറൽ മെഷീനുമായി. ജിഎച്ച്എസ്എസ് കൊടുങ്ങല്ലൂർ, തൃശൂർ.

**കോഴിക്കോട്:** ഒരാൾക്ക് യാത്രചെയ്യാൻ കഴിയുന്ന ബൈക്ക് കൃഷി ആവശ്യത്തിനും ഉപയോഗിക്കാം. സംസ്ഥാന സ്കൂൾ ശാസ്ത്രമേളയിൽ ഹയർസെക്കൻഡറി വിഭാഗം വർക്കിംഗ് മോഡൽ മത്സരത്തിൽ കൊടുങ്ങല്ലൂർ ബോയ്സ് ഹയർസെക്കൻഡറി സ്കൂളിലെ ബാസിം അക്ബർ, കെ.എസ്. സാദ് എന്നിവർ ചേർന്നാണ് മൾട്ടി പർപ്പസ് അഗ്രിക്കൾച്ചറൽ മെഷീൻ അവതരിപ്പിച്ചത്. 24 വോൾട്ടിന്റെയും 16.4 വോൾട്ടിന്റെയും രണ്ട് പാനൽ വഴി ഉത്പാദിപ്പിക്കുന്ന സൗരോർജമുപയോഗിച്ച് യന്ത്രം പ്രവർത്തിപ്പിക്കാം. കിളയ്ക്കുക, വിതയ്ക്കുക, നനയ്ക്കുക തുടങ്ങിയ വിവിധ കൃഷിപ്പണികൾക്ക് ഈ ബൈക്ക് ഉപയോഗിക്കാം.

ഒരു ബാറ്ററി, ഹബ് മോട്ടോർ, കൺട്രോളർ എന്നിവയാണ് ഇതിനുള്ളത്. പതിനായിരം രൂപയ്ക്ക് ഇത്തരം യന്ത്രം വ്യാവസായിക അടിസ്ഥാനത്തിൽ നിർമിക്കാമെന്ന് ബാസിമും സാദും പറയുന്നു. നൂറ് ശതമാനം പരിസ്ഥിതി സൗഹൃദം കൂടിയാണിത്.

**വാർത്ത**
പ്രബൽ ഭരതൻ
കെ.ഭരത്
ടി.പി.സന്ദീപ്
കെ.എം.വൈശാഖ്

**ചിത്രം**
രമേഷ് കോട്ടൂളി
ലെനിൻ റോഷൻ

Deepika 26.11.17